Starred Questions posted for Answer on 8—3—51

കരിഞ്ചന്ത കേസുകൾ

*൧൨൪൬. (൧൨) ശ്രീ. കെ. കെ. കണ്ണൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ൧൯൪൬ ജനുവരി മുതൽ നാളിതുവരെ നെല്ല്, അരി മുതലായവ കരിഞ്ചന്തയിൽ നടത്തിയ എത്ര കേസുകൾ ഉണ്ടായിട്ടുണ്ട്;

(ബി) അവയിൽ കുറക്കാരെ ശിക്ഷിച്ചിട്ടുള്ള കേസുകൾ എത്ര;

(സി) തള്ളിപ്പോയ കേസുകൾ എത്ര;

(ഡി) നിലവിലുള്ള കേസുകൾ എത്ര?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൨൩൫.

(ബി) ൫൪.

(സി) ഇല്ലാ.

(ഡി) ൧൭൯.

ഭക്ഷ്യ സംവർദ്ധനപദ്ധതി

*൧൨൫൫. (൨൪) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഗ്രോമോർ ഫുഡ്സ്കീമിന്റെ കീഴിൽ എത്ര കൂടുതൽ നെല്ല് ൧൯൫൦-ൽ ഉൽപാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്;

(ബി) ഏതു താലൂക്കിൽ;

(സി) അതിനു എന്തു ചിലവുണ്ടായി?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൨൯, ൫൨൯ ടൺ അരി.

(ബി) വിവിധ താലൂക്കുകളിൽ

(സി) അതിനുമാത്രം എത്ര ചിലവായി എന്നു കണക്കില്ല. ഭക്ഷ്യോൽപാദനത്തിനു ൧൯൫൦ അവസാനം വരെ ൯൩,൦൨,൨൭൫ രൂപാ ൨ണ. ൧൨ സ. ചെലവായിട്ടുണ്ട്.

JUDGES OF THE HIGH COURT.

*1245. [50] **Sri. P. K. Krishnankutty Menon:** Will the Hon'ble Chief Minister be pleased to state.—

(*a*) the number of Judges working in the High Court from the date of its inauguration and the strength of the High Court contemplated under the High Courts Act;

(*b*) the reasons for the delay in appointing the remaining Judges to the High Court;

(*c*) whether the number of cases in the High Court has enormously increased and if so the measures the Government intends to take to cope with the work?

Chief Minister **Sri. C. Kesavan:** (*a*) The number of Judges working in the High Court from the date of its inauguration :

From	7th July	1949	8 Judges.
,,	20th January	1950	4 ,,

LIBRARY ARCHIVES Kerala Legislative Assembly

From	30th January	1950	5 Judges
,,	September	1950	4 ,,
,,	9th August	1950	5 ,,
,,	10th January	1951	4 ,,
,,	10th February onwards	1951	5 ,,

The attention of the Hon'ble Member is invited to Section 7 of the High Court Act of 1125. From January 26th 1950 the Constitution of the High Court is governed by section 216 of the Constitution of India. The question of fixation of the maximum strength of the High Court is under consideration of the Government of India.

(*b*) Does not arise in view of the answer to (*a*).

(*c*) No (The implication in the question that number of cases in the High Court has enormously increased is not correct.)

ഒഴിവുദിവസങ്ങൾ

* ൧൨൪൬. (൫൨) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) പ്രഖ്യാപിക്കപ്പെടുള്ളതെ ഓരോ സന്ദർഭങ്ങളിൽ ഗവണ്മെൻറിൽ നിന്നും അനുവദിക്കുന്ന പബ്ലിക്ക് ഒഴിവുദിവസങ്ങൾ പൊതുജനങ്ങളേയും, വിദ്യാലയങ്ങൾ, കോടതികൾ ബാങ്കുകൾ മുതലായ സ്ഥാപനങ്ങളേയും ഔദ്യോഗികമായി അറിയിക്കുന്നത് ഏതുമാർഗ്ഗത്തിലാണ്; അതിനുള്ള ചുമതല വഹിക്കുന്ന ഡിപ്പാർട്ടുമെന്റോ ഉദ്യോഗസ്ഥനോ ആരാണ്;

(ബി) മഹാത്മജിയുടെ ചരമദിനമായ ജനുവരി ൩൦-ാംനു- ഒഴിവുദിവസമാണെന്നു അറിയിച്ചുകൊണ്ടുള്ള ഗവണ്മെൻറ് ഗസറ്റ് ചേത്തലയിലെ ഹൈസ്കൂളുകളിലും കോടതികളിലും കിട്ടിയതു് അന്നു കാലത്തു് ൧൦ മണിക്കു് ശേഷമാണെന്നുള്ളതു് ശരിയാണോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) പ്രഖ്യാപിതങ്ങളല്ലാതെ ഓരോ സന്ദർഭങ്ങളിൽ ഗവണ്മെൻറിൽ നിന്നും അനുവദിക്കുന്ന പബ്ലിക്ക് ഒഴിവുദിവസങ്ങൾ പൊതുജനങ്ങളേയും മറ്റും അറിയിക്കുന്നതു് ഗസറ്റ്, പത്രങ്ങൾ ഇവ മുഖേനയാണ്. അതിന്റെ ചുമതലവഹിക്കുന്നതു് സെക്രട്ടറിയേറ്റിലെ മിസ്സലേനിയസ് സെക്ഷനാണ്.

(ബി) ഗവണ്മെൻറിനു യാതൊരറിവുമില്ല.

ഫുഡ് കൺട്രോൾ കമ്മിറ്റി

* ൧൨൪൭. (൫൰) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

൧൯൩൦–൩൧ സാമ്പത്തിക വർഷത്തിലേക്കു് സ്ഥാപിച്ചിട്ടുള്ള താലൂക്കു് ഫുഡ് ആൻറ് കൺട്രോൾ കമ്മിറ്റികളുടെ എത്ര യോഗങ്ങൾ കൂടിയിട്ടുണ്ടു്; പ്രധാനമായി എന്തെല്ലാം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു് മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

൧൩൨ യോഗങ്ങൾ കൂടിയിട്ടുണ്ടു്. ഭക്ഷ്യസംഭരണ വിതരണ കാര്യങ്ങളിൽ കമ്മിറ്റിയുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും പര്യാലോചിച്ചു് അതാതു താലൂക്കുകളിൽ വേണ്ടതു ചെയ്യുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly